**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് വിലക്കയറ്റം വർദ്ധിക്കുന്ന സാഹചര്യത്തിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ വിപണി വിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവഴിച്ച് എല്ലാ റേഷൻ കാർഡുടമകൾക്കുമായി 11.5 കോടിയോളം സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് വിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും ശക്തമായ പരിശോധനകൾ നടത്തിവരുന്നു. |
| (ബി) | വിലക്കയറ്റം തടയാൻ സപ്ലൈകോ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയെത്രയെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി സൗജന്യകിറ്റുകൾ വിതരണം ചെയ്ത വകയിൽ 2020-21 സാമ്പത്തിക വർഷം 3760.84 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 1743.82 കോടി രൂപയും ചേർത്ത് ആകെ 5504.66 കോടി രൂപ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നിരന്തരമായ വാഹന ഇന്ധന വില വർദ്ധനവിനും പാചക വാതക വില വർദ്ധനവിനും പുറമെ ഭീമമായ തോതിൽ മണ്ണെണ്ണ വില വർദ്ധിപ്പിച്ചതും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതും മത്സ്യത്തൊഴിൽ മേഖലയിൽ ഉൾപ്പെടെ ഗുരുതര പ്രത്യാഘാതം സൃഷ്ടിക്കുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് 14432 മത്സ്യബന്ധന യാനങ്ങൾക്ക് പെർമിറ്റുകൾ പുതുക്കി നല്കിയിട്ടുണ്ട്. 10 HP (Horse Power) വരെയുള്ള യാനങ്ങൾക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും 10 മുതൽ 15 HP വരെയുള്ളവയ്ക്ക് 600 ലിറ്റർ മണ്ണെണ്ണയും 15 HP യ്ക്ക് മുകളിലുള്ളവയ്ക്ക് 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ആകെ 100776 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ നോൺ സബ്സിഡി മണ്ണെണ്ണയുടെ ആദ്യപാദ വിഹിതമായി 2160 കിലോലിറ്റർ മണ്ണെണ്ണയാണ് ലഭിച്ചിട്ടുള്ളത്.<br><br>മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുന്നതിനായി 22584 കിലോ ലിറ്റർ മണ്ണെണ്ണ കൂടി മെയ് മാസത്തിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ടി സാമ്പത്തിക വർഷം ജനുവരി മാസത്തിൽ ലിറ്ററിന് 50/- രൂപയായിരുന്ന മണ്ണെണ്ണവില ജൂൺ മാസത്തിൽ 88/- രൂപയായി ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ